# ഐസിഎആർ പിജി പ്രവേശന പരീക്ഷ ഇന്ന്

തൃശൂർ● ഹൈക്കോടതി വിധിയെത്തുടർന്നു റദ്ദാക്കിയ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച് (ഐസിഎആർ) അഖിലേന്ത്യ പിജി പ്രവേശന പരീക്ഷ ഇന്നു നടക്കും.

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ അനുവദിച്ച കേന്ദ്രങ്ങളിലാകും പരീക്ഷ. ഓഗസ്റ്റ് 18നു പ്രളയക്കെടുതിക്കിടെ നടത്തിയ പരീക്ഷ പലർക്കും എഴുതാനായില്ലെന്നു ചൂണ്ടിക്കാട്ടി വിദ്യാർഥികൾ കോടതിയെ സമീപിച്ചിരുന്നു.

കേരളത്തിൽ മാത്രമായി പുനഃപരീക്ഷ നടത്താനായിരുന്നു ഹൈക്കോടതി വിധി. അഡ്മിറ്റ് കാർഡും റോൾ നമ്പരും വെബ്സൈറ്റിൽ (www.icar.org.in, www.icarexam.net). മുൻപരീക്ഷ എഴുതിയ എല്ലാവർക്കും പങ്കെടുക്കാം.